**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5570** **15-03-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ കളി സ്ഥലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരള ജനതയുടെ ഒരു ജീവിത രീതി എന്ന നിലയിൽ സ്പോർട്സിനെ വളർത്തുകയും രൂപപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് ഒരു സമഗ്രമായ കായിക നയം രൂപപ്പെടുത്തുന്നതിന് തയ്യാറാവുമോ; അറിയിക്കുമോ; | (എ) | **ദേശീയ അന്തർദേശീയ തലത്തിൽ കായിക മികവ് ഉറപ്പാക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം സൃഷ്ടിച്ച് ഒരു ജീവിതരീതി എന്ന നിലയിൽ സ്പോർട്സിനെ രൂപപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുമാണ് കായിക നയം രൂപീകരിക്കുന്നത്. നടപടികൾ അന്തിമ ഘട്ടത്തിലാണ്. 08.03.2023ന് ചേർന്ന മന്ത്രിസഭായോഗം കായിക നയം 2023ന് അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് ആരോഗ്യം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി യോജിച്ച് കായികനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.** |
| (ബി) | പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കളിസ്ഥലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ